"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - ബി.എസ്.സി നഴ്സിംഗ് കോഴ്സ് സീറ്റ് വർദ്ധനവിനുള്ള നിരാക്ഷേപ പത്രം അനുവദിക്കുന്നത് - ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് റിസർച്ച് സെന്ററിന് കീഴിൽ പത്തനംതിട്ട ജില്ലയിൽ പ്രവർത്തിക്കുന്ന ചിത്രാ നഴ്സിംഗ് കോളേജിൽ ബി.എസ്.സി നഴ്സിംഗ് കോഴ്സിന് സീറ്റ് വർദ്ധനവ് നടത്തുന്നതിന് നിരാക്ഷേപ പത്രം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.319/2024/H&FWD തീയതി, തിരുവനന്തപുരം, 29-10-2024

പരാമർശം:-
1. സ.ഉ (അ) നം.64/2012/ആ.കു.വ തീയതി 17.02.2012.
2. ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് റിസർച്ച് സെന്റർ ചെയർമാൻ സമർപ്പിച്ച 10.06.2024 തീയതിയിലെ അപേക്ഷ.
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 07.08.2024 തീയതിയിലെ മെ.വി.വ/4006/2024-ബി4 നമ്പർ കത്തിനോടൊപ്പം ലഭ്യമായ പരിശോധന റിപ്പോർട്ട്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ പന്തളത്ത് ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് റിസർച്ച് സെന്ററിന് കീഴിൽ പന്തളത്ത് പ്രവർത്തിക്കുന്ന, ചിത്രാ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ മാതൃ ആശുപത്രിയായ ചിത്രാ നഴ്സിംഗ് കോളേജിൽ ബി.എസ്.സി നഴ്സിംഗ് കോഴ്സ് സീറ്റുകളുടെ എണ്ണം 40 ൽ നിന്നും 75 ആയി വർദ്ധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് റിസർച്ച് സെന്റർ ചെയർമാൻ അപേക്ഷ സമർപ്പിച്ചിരുന്നു.

2. പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ ലഭ്യമാക്കിയ സൂചന (3) പ്രകാരമുള്ള പരിശോധന റിപ്പോർട്ടിൽ ബി.എസ്.സി നഴ്സിംഗ് സീറ്റുകളുടെ എണ്ണം 40 ൽ നിന്നും 60 ആയി ഉയർത്തുന്നതിന് വേണ്ട ഭൗതിക/ക്ലിനിക്കൽ സൗകര്യങ്ങൾ സ്ഥാപനത്തിൽ ലഭ്യമാണെന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ടയിൽ പന്തളത്ത് ചിത്രാ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ മാതൃ ആശുപത്രിയായി പ്രവർത്തിക്കുന്ന, ചിത്രാ നഴ്സിംഗ് കോളേജിൽ ബി.എസ്.സി നഴ്സിംഗ് കോഴ്സ് വാർഷിക വിദ്യാർത്ഥി പ്രവേശന ശേഷി 40 ൽ നിന്നും 60 ആയി ഉയർത്തുന്നതിന് ചുവടെപ്പറയുന്ന നിബന്ധനകളോടെ നിരാക്ഷേപ പത്രം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ) ബി.എസ്.സി നഴ്സിംഗ് കരിക്കുലം, നഴ്സിംഗ് കോളേജിന് ഉണ്ടായിരിക്കേണ്ട നിലവാരം

എന്നിവ സംബന്ധിച്ച് കാലാകാലങ്ങളിൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന റഗുലേഷനുകൾ നിർബന്ധമായും പാലിക്കാൻ സ്ഥാപനം ബാധ്യസ്ഥമാണ്.

ബി) പരാമർശം (1) ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ നിബന്ധനകളും, നഴ്സിംഗ് കോളേജുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ/സംസ്ഥാന നഴ്സിംഗ് കൗൺസിൽ/കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ റഗുലേഷനുകൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

സി) പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കേരള സംസ്ഥാന നഴ്സിംഗ് കൗൺസിൽ അംഗീകാരം, കേരള ആരോഗ്യ സർവ്വകലാശാല അഫിലിയേഷൻ, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അനുയോജ്യത പത്രം (Indian Nursing Council Suitability Certificate) എന്നിവ നേടിയതിന് ശേഷം മാത്രം വർദ്ധിപ്പിച്ച സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥി പ്രവേശനം നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ചെയർമാൻ, ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് റിസർച്ച് സെന്റർ, എം.സി റോഡ്, പന്തളം പി.ഒ, പത്തനംതിട്ട - 689 501.
സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, 8-ാം നില, എൻ.ബി.സി.സി സെന്റർ, പ്ലോട്ട് നം.2, കമ്മ്യൂണിറ്റി സെന്റർ, ഓഖ്ല ഫേസ്-1, ന്യൂഡൽഹി- 110020.
രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 29-10-2024 16:55:49
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് അറിവിലേയ്ക്കായി.